# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5111</u>** **<u>27/07/2015-ലെ മറുപടിക്ക്.</u>**

## <u>ഹയർ സെക്കണ്ടറി ലാബ് അസിസ്റ്റന്റുമാരുടെ പ്രൊബേഷൻ</u>

| ചോദ്യം.<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
|---|---|
| (എ) ജി.ഒ.( ആർ.റ്റി ) 5567/14 തീയതി 15.12.2014 പ്രകാരമുള്ള ഹയർ സെക്കൻററി ലാബ് അസിസ്റ്റൻററുമാരുടെ പ്രൊബേഷൻ സംബന്ധിച്ച ഉത്തരവിന്റെ തുടർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) ജി.ഒ.( ആർ.റ്റി ) 5567/14 തീയതി 15.12.2014 പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലേയും ഹയർ സെക്കന്ററി സ്കൂളുകളിലെ ലബോറട്ടറി അറ്റൻഡേഴ്സ് ടെസ്റ്റ് വിജയിക്കാത്ത, ഉത്തരവ് തീയതി വരെ സർവ്വീസിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ പ്രവേശിച്ച ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നാളിതു വരെ 168 ജീവനക്കാരുടെ നിരീക്ഷണകാലം പൂർത്തിയാക്കിയതായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) മേൽ ഉത്തരവിന്മേലുള്ള വകുപ്പുതല നടപടികൾ പൂർത്തിയായോ;ഈ ഉത്തരവിന്റെ മുൻകാല പ്രാബല്യം ഏത് തീയതി മുതൽക്കാണ് ലഭിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) ഇല്ല.<br>നിരീക്ഷണ കാലയളവിനെ ബാധിക്കുന്ന അവധിയൊന്നും എടുത്തിട്ടില്ല എങ്കിൽ ജീവനക്കാർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മൂന്ന് വർഷ കാലയളവിനുള്ളിൽ രണ്ട് വർഷം പൂർത്തിയാകുന്ന തീയതി മുതൽ പ്രാബല്യം ലഭിക്കുന്നതാണ്. |
| (സി) മേൽ ഉത്തരവിൻപ്രകാരം എത്ര ജീവനക്കാർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുമെന്ന് അറിയിക്കാമോ ? | (സി) ലബോറട്ടറി അറ്റൻഡേഴ്സ് ടെസ്റ്റ് വിജയിക്കാത്ത 15.12.2014 വരെ സർവ്വീസിൽ ലാബ് അസിസ്റ്റന്റ് തസ്തികയിൽ പ്രവേശിച്ച എല്ലാ ജീവനക്കാർക്കും മേൽ ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**